MR. A. CHIDAMBARANATHA NADAR: ஒரு மைல் முதல் ஐந்து மைல்கள் வரையில் சர்க்கார் ரேட்டு எவ்வளவு?

HON'BLE MR. K. R. ELANKATH: സാധാരണ മിനിമം റേറ്റ് ഫർ കാശാണെങ്കിലും ഷോർട്ട് ഡിസ്റ്റൻസ് റോഡുകളിൽ ഉള്ള കുറഞ്ഞ ചാർജ്ജ് @ ചക്രത്തിൽനിന്നും ഏഴ ചക്രമായി വർദ്ധിപ്പിക്കുന്നുണ്ട്.

തിരുവിതാംക്കൂർകാരായ വിമുക്തഭടക്ക് ഫീസ്സാനുകൂല്യം.

* 631. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംക്കൂർ യൂണിവേഴ്സിറ്റിയിലും പുറത്തുള്ള യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന തിരുവിതാംക്കൂറുകാരായ വിമുക്തഭടക്ക് (Ex-service men students) ഫീസ്സാനുകൂല്യം നൽകുന്നതാണെന്ന് ഒരു പ്രസ്സ് നോട്ട് ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തിയിരുന്നുവോ?

(ബി) തിരുവിതാംക്കൂറിന് പുറമേയുള്ള കോളേജുകളിൽ പഠിക്കുന്നവരിൽനിന്ന് അപ്രകാരമുള്ള എത്ര അപേക്ഷകൾ കിട്ടി?

(സി) അവ ഏതെല്ലാം കോളേജുകളിൽ പഠിക്കുന്നവരിൽനിന്നാണ്?

(ഡി) അവരിൽ എത്ര പേർക്ക് സഹായം നൽകുന്നുണ്ട്?

(ഇ) അല്ലഹബാദ് കാർഷിക കോളേജിനു പഠിക്കുന്ന തിരുവിതാംക്കൂർകാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(എഫ്) ഉണ്ടെങ്കിൽ അവർക്ക് എന്തു മറുപടി യൂണിവേഴ്സിറ്റി രജിസ്ട്രാർ നൽകി?

HON'BLE MR. N. KUNJURAMAN: (എ) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) 2 @.

(സി) ലിസ്റ്റ് ഇതോടുകൂടി ചേർത്തിരിക്കുന്നു.

(ഡി) എല്ലാവർക്കും സഹായം നൽകുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇതു രജിസ്ട്രാർ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതു നേരത്തെ ഉത്തരം പറഞ്ഞ ചോദ്യം ആണ്.

LIBRARY ARCHIVES Kerala Legislative Assembly